സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 144 2024 സെപ്തംബർ 20 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മുസ്ലിം ഭൂരിപക്ഷ മേഖലയെ 'പാകിസ്താൻ' എന്ന് വിശേഷിപ്പിച്ച് ജഡ്ജി; റിപ്പോർട്ട് തേടി സുപ്രീം കോടതി

ന്യൂഡൽഹി: ബെംഗളൂരുവിൽ മുസ്ലീങ്ങൾ കൂടുതലായി താമസിക്കുന്ന ഗോരി പാല്യ എന്ന പ്രദേശത്തെ 'പാകിസ്താൻ' എന്ന് വിശേഷിപ്പിച്ച കർണാടക ഹൈക്കോടതി ജഡ്ജിയുടെ നടപടിയിൽ സുപ്രീം കോടതി ഭരണഘടനാ ബെഞ്ച് റിപ്പോർട്ട് തേടി. കർണാടക ഹൈക്കോടതിയിലെ ജസ്റ്റിസ് വേദവ്യാസാചാർ ശ്രീശാനന്ദ ആണ് വിവാദ പരാമർശം നടത്തിയത്. വാദത്തിനിടെ വനിതാ അഭിഭാഷകയോട് ജസ്റ്റിസ് വേദവ്യാസാചാർ ശ്രീശാനന്ദ ആക്ഷേപാർഹമായ പരാമർശം നടത്തിയത് സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. ജസ്റ്റിസ് നടത്തിയ പരാമർശങ്ങളിൽ വ്യാപക പ്രതിഷേധവും ഉയർന്നിരുന്നു. ഇതേത്തുടർന്നാണ് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഭരണഘടന ബെഞ്ച് ഈ വിഷയത്തിൽ സ്വമേധയാ കേസെടുത്ത് റിപ്പോർട്ട് തേടിയത്.

പൾസർ സുനി പുറത്തേക്ക്

വിചാരണക്കോടതി ജാമ്യം അനുവദിച്ചു

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ ഒന്നാം പ്രതി പൾസർ സുനിക്ക് വിചാരണക്കോടതി ജാമ്യം അനുവദിച്ചു. കർശനവ്യവസ്ഥകളോടെയാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്. എറണാകുളം ജില്ല വിട്ട് പോകാൻ പാടില്ല, സാക്ഷികളെ സ്വാധീനിക്കരുത്, മാദ്ധ്യമങ്ങളോട് സംസാരിക്കരുത്, ഒരു സിം മാത്രമേ ഉപയോഗിക്കാവൂ, പ്രതികളെയോ സാക്ഷികളേയോ ബന്ധപ്പെടരുത് എന്നീ ഉപാധികളാണ് കോടതി മുന്നോട്ടു വച്ചിട്ടുള്ളത്. രണ്ട് ആൾ ജാമ്യവും ഒരു ലക്ഷം രൂപയുടെ ബോണ്ടും കെട്ടിവയ്ക്കണം. സുനിയുടെ സുരക്ഷ റൂറൽ പോലീസ് ഉറപ്പാക്കണമെന്നും കോടതി നിർദേശം നൽകി.

നടിയെ ആക്രമിച്ച കേസിൽ 10 പ്രതികളാണുള്ളത്. എട്ടു വരെ പ്രതികൾക്ക് ജീവപര്യന്തം തടവുശിക്ഷ ലഭിക്കാവുന്ന കൂട്ടബലാത്സംഗക്കുറ്റം ഉൾപ്പെടെയാണ് ചുമത്തിയിരിക്കുന്നത്. മറ്റുള്ളവർക്കെതിരേ ഗൂഢാലോചനക്കുറ്റമാണ്. 261 സാക്ഷികളുണ്ട്. 1600 രേഖകൾ കേസിൽ കൈമാറി.

കേസിൽ സെഷൻസ് കോടതി വിധി മൂന്നു മാസത്തിനകം ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. ജഡ്ജി ഹണി എം. വർഗീസ് മുമ്പാകെ സാക്ഷി വിസ്താരവും വാദവും കഴിഞ്ഞദിവസം പൂർത്തിയായിരുന്നു. പ്രതിഭാഗത്തിന് അന്തിമ വാദമുന്നയിക്കാൻ ഈ മാസം 26 മുതൽ അവസരമുണ്ട്.

2017 ഫെബ്രുവരി 17ന് തൃശൂരിൽ നിന്ന് എറണാകുളത്തെ ലൊക്കേഷനിലേക്കുള്ള യാത്രാമദ്ധ്യേയാണ് യുവനടി ആക്രമിക്കപ്പെട്ടത്. കൃത്രിമ വാഹനാപകടം സൃഷ്ടിച്ചാണ് സുനിയും സംഘവും നടിയുടെ വാഹനത്തിൽ കയറിപ്പറ്റിയത്. നടിയെ കൂട്ടിക്കൊണ്ടുവരാൻ നിയോഗിച്ച ഡ്രൈവർ മാർട്ടിനും അക്രമികൾക്ക് കൂട്ടുനിന്നു. കൊച്ചി മേഖലയിൽ നടിയുമായി ഒരു മണിക്കൂറിലധികം കറങ്ങി ക്രൂരമായി പീഡിപ്പിച്ചു. ദൃശ്യങ്ങൾ മൊബൈൽ ഫോണിൽ പകർത്തി. ഒടുവിൽ വാഹനം ഉപേക്ഷിച്ച് കടന്നു. കേസുമായി നടി സധൈര്യം മുന്നോട്ടുപോയതോടെയാണ് പ്രതികൾ കുടുങ്ങിയത്. സുനി എറണാകുളത്തെ കോടതിയിൽ കീഴടങ്ങാനെത്തിയപ്പോൾ പോലീസ് നാടകീയമായി പിടികൂടി. കോടതി ഹാളിലേക്ക് ഓടിക്കയറിയപ്പോഴാണ് ഇൻസ്പെക്ടർ അനന്തലാലിന്റെ നേതൃത്വത്തിൽ കീഴ്പ്പെടുത്തിയത്.

ആഴ്ചകൾക്കു ശേഷമാണ് കന്റോൺമെന്റ് സ്റ്റേഷനിൽ നടൻ ദിലീപിനുള്ള പങ്കിനെക്കുറിച്ച് പൊലീസിന് സൂചന ലഭിച്ചത്. 2017 ജൂലായ് 10ന് ദിലീപ് അറസ്റ്റിലായി. 86 ദിവസം ജയിലിൽ കഴിഞ്ഞശേഷം ദിലീപിന് ജാമ്യം ലഭിച്ചു. 2017 നവംബറിൽ കുറ്റപത്രം സമർപ്പിച്ച കേസിൽ വനിതാ ജഡ്ജി വേണമെന്ന ആവശ്യത്തെ തുടർന്ന് വിചാരണ വൈകി. 2020 ജനുവരി 30ന് വിചാരണ ആരംഭിച്ചു. സാക്ഷിവിസ്താരം പൂർത്തീകരിക്കാനിരിക്കെ സംവിധായകൻ ബാലചന്ദ്രകുമാർ വെളിപ്പെടുത്തലുമായെത്തി. ഇതോടെ പുനരന്വേഷണം ആരംഭിച്ചു. രണ്ടാംഘട്ട കുറ്റപത്രം കൂടി സമർപ്പിച്ച് വീണ്ടും വിചാരണ. നീണ്ട നാലര വർഷത്തെ സാക്ഷിവിസ്താരമാണ് കഴിഞ്ഞയാഴ്ച പൂർത്തീകരിച്ചത്.

റിമ കല്ലിങ്കൽ പൊലീസിൽ പരാതി നൽകി

കൊച്ചി: സോഷ്യൽ മീഡിയയിലൂടെ അപകീർത്തിപ്പെടുത്തുന്നുവെന്ന പരാതിയുമായി നടി റിമ കല്ലിങ്കൽ. എറണാകുളം ഡി സി പിക്കാണ് താരം പരാതി നൽകിയത്. ഇത് എറണാകുളം സെൻട്രൽ എ സി പിക്ക് കൈമാറിയിട്ടുണ്ട്. എട്ട് പേർക്കെതിരെയാണ് നടി പരാതി നൽകിയതെന്നാണ് റിപ്പോർട്ടുകൾ. താൻ ലഹരിക്കടിമയാണെന്ന് ചിലർ ആരോപിക്കുന്നുണ്ടെന്നും ഇവർ സോഷ്യൽ മീഡിയയിലൂടെ തന്റെ പ്രതിച്ഛായ തകർക്കാൻ ശ്രമിക്കുകയാണെന്നുമാണ് പരാതിയിലുള്ളത്. നടി ഇമെയിൽ വഴിയാണ് പരാതി നൽകിയത്.

നേരത്തെ റിമ കല്ലിങ്കലിനെതിരെ ഗുരുതര ആരോപണവുമായി ഗായിക സുചിത്ര രംഗത്തെത്തിയിരുന്നു.

അജിത്കുമാർ സമാന്തര അന്വേഷണം നടത്തുന്നു, മുഖ്യമന്ത്രിക്കെതിരായ ചർച്ചക്ക് പി. ശശി കൂട്ടുനിന്നു: അൻവർ

തിരു: എ.ഡി.ജി.പി എം. ആർ അജിത് കുമാറിനെതിരായ ആരോപണങ്ങളിന്മേൽ എസ്ഐടി നടത്തുന്ന അന്വേഷണത്തിന് സമാന്തരമായി നിയമപരമല്ലാത്ത അന്വേഷണം നടക്കുന്നെന്ന ഗുരുതര ആരോപണവുമായി പി.വി. അൻവർ എം.എൽ.എ. തനിക്ക് ലഭിച്ച തെളിവുകൾ എവിടെനിന്ന് കിട്ടിയെന്ന് കണ്ടെത്താനാണ് സമാന്തര അന്വേഷണം നടത്തുന്നതെന്നും പോലീസിന്റെ എല്ലാ ചട്ടങ്ങളും ലംഘിച്ച് അജിത് കുമാറാണ് ഇതിന് നേതൃത്വം നൽകുന്നതെന്നും അൻവർ ആരോപിച്ചു.

സമാന്തര അന്വേഷണം കേരളത്തിലെ പോലീസിന്റെ ചരിത്രത്തിൽ ഇന്നേവരെ ഇല്ലാത്തതാണ്. സർക്കാരും മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പും പോലീസ് ചട്ടങ്ങളും ഒന്നുംതന്നെ തനിക്ക് ബാധകമല്ലെന്ന് അജിത് കുമാർ തെളിയിക്കുകയാണ്. ഈ ചട്ടലംഘനം മാത്രം മതി ഇദ്ദേഹത്തെ സസ്പെൻഡ് ചെയ്യാൻ. താൻ ഉന്നയിച്ച കാര്യങ്ങളിൽ അടിസ്ഥാനപരമായ തെളിവുകൾ ഉണ്ടെന്ന് മനസ്സിലാക്കിയതോടെയാണ് എ.ഡി.ജി.പിക്കെതിരേ വിജിലൻസ് അന്വേഷണം നടത്താൻ സർക്കാർ അനുമതി തേടിയത്. ഈ രണ്ട് കാരണങ്ങളാൽ അജിത്തിനെ സസ്പെൻഡ് ചെയ്യണമെന്നും അൻവർ ആവശ്യപ്പെട്ടു.

'വിജിലൻസ് അന്വേഷണം സംബന്ധിച്ച ഡി.ജി.പിയുടെ ഫയൽ ഇന്നലെ രാത്രി മുഖ്യമന്ത്രിയുടെ മുന്നിലെത്തിയെന്നും അപ്പോൾതന്നെ അദ്ദേഹം അന്വേഷണത്തിന് അനുമതി നൽകിയെന്നുമാണ് ദേശാഭിമാനി പത്രത്തിൽ പറയുന്നത്. എന്നാൽ, ഏഴ് ദിവസം ഈ ഫയൽ എവിടെയായിരുന്നു. അന്വേഷണം നീണ്ടുപോകുന്നത് എന്തുകൊണ്ടെന്ന് കേരളത്തിലെ ജനങ്ങൾ അന്വേഷിച്ചു.

ചീഫ് സെക്രട്ടറിയും ആഭ്യന്തര സെക്രട്ടറിയും വഴിയാണ് മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് ഫയൽ എത്തേണ്ടതെന്ന വിശദീകരണമാണ് ഇപ്പോൾ വന്നിരിക്കുന്നത്. ഇതായിരിക്കും യാഥാർഥ്യം. എന്നാൽ, വിഷയം ഇത്രയധികം ചർച്ചയായിട്ടും എന്തുകൊണ്ട് മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശി ഒരു പത്രക്കുറിപ്പ് ഇറക്കിയില്ല? മുഖ്യമന്ത്രിയാണ് അജിത്തിനെതിരായ അന്വേഷണം വൈകിപ്പിക്കുന്നതിന് കാരണക്കാരൻ എന്ന ചർച്ച ഉണ്ടാക്കിയെടുക്കാൻ ശശി കൂട്ടുനിന്നു. പൊളിറ്റിക്കൽ സെക്രട്ടറിക്ക് വ്യക്തമായ രാഷ്ട്രീയ അജണ്ടയുണ്ട്', അൻവർ ആരോപിച്ചു.

പൂരം കലക്കിയതിൽ ഒരു നടപടിയുമില്ലെങ്കിൽ ജനങ്ങളോട് കാര്യങ്ങൾ തുറന്നുപറയും: സുനിൽകുമാർ

തൃശ്ശൂർ: തൃശ്ശൂർ പൂരം കലക്കിയത് സംബന്ധിച്ച് ഒരു നടപടിയും ഉണ്ടാകാതിരുന്നാൽ തനിക്ക് അറിയാവുന്ന ചില കാര്യങ്ങൾ ജനങ്ങളോട് തുറന്ന് പറയുമെന്ന് വി.എസ്. സുനിൽ കുമാറിന്റെ മുന്നറിയിപ്പ്. പൂരം അലങ്കോലപ്പെട്ടത് സംബന്ധിച്ച് അന്വേഷണമൊന്നും നടന്നില്ലെന്ന വിവരാവകാശ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു തൃശ്ശൂരിൽ ഇടത് സ്ഥാനാർഥിയായിരുന്ന, സിപിഐ നേതാവ് കൂടിയായ സുനിൽകുമാറിന്റെ പ്രതികരണം.

പൂരം അലങ്കോലപ്പെട്ടതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുമെന്ന് പ്രഖ്യാപിച്ചത് കേരള സർക്കാരും മുഖ്യമന്ത്രിയുമാണ്. അങ്ങനെ ഒരു പ്രഖ്യാപനം നടത്തിയ ശേഷം വിവരാവകാശ നിയമപ്രകാരം ഇത് സംബന്ധിച്ച രേഖ ആവശ്യപ്പെടുമ്പോൾ അന്വേഷണം നടത്തിയിട്ടില്ലെന്ന് മറുപടി ലഭിച്ചിട്ടുണ്ടെങ്കിൽ അത് ഞെട്ടലുണ്ടാക്കുന്നതാണ്. അങ്ങേയറ്റം അപലപനീയമാണ് അതെന്നും സുനിൽ കുമാർ പറഞ്ഞു.

'വിവിധ ദേവസ്വം ബോർഡുകളുടെ അധികൃതരിൽനിന്ന് പോലീസ് ഉദ്യോഗസ്ഥർ മൊഴിരേഖപ്പെടുത്തിയിട്ടുണ്ട്. ഇതൊക്കെ നാടകമായിരുന്നോ? ആർക്ക് വേണ്ടിയാണ് ചെയ്തത്? ഇത്രയും വലിയൊരു പ്രശ്നം ഈ നിലക്കാണ് കൈകാര്യം ചെയ്തിട്ടുള്ളതെങ്കിൽ ഗുരുതരമാണെന്ന് മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളൂ.

തൃശ്ശൂർ പൂരം അലങ്കോലപ്പെട്ത് യാദൃച്ഛികമായ ഒരു കാര്യം മാത്രമാണെന്ന് ചില ആൾക്കാർ വ്യാഖ്യാനിക്കുന്നുണ്ട്. എനിക്ക് അങ്ങനെ പറയാൻ കഴിയില്ല. അതിന് പിന്നിൽ ആസൂത്രിതമായി രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള ഗൂഢാലോചന നടന്നിട്ടുണ്ട്. അലങ്കോലപ്പെടുത്തിയവർക്ക് കൃത്യമായ ഒരു ലക്ഷ്യമുണ്ടായിരുന്നു. പോലീസ് ഉദ്യോഗസ്ഥർ മാത്രമല്ല അതിൽ പങ്കാളികൾ. അതിന് പിന്നിലുള്ളവർ മുഴുവൻ പുറത്തുവരണമെന്നത് സമൂഹത്തിന്റെ ആവശ്യമാണ്. ഇതിൽ അന്വേഷണം നടത്തിയിട്ടില്ലെന്ന് സർക്കാർ മറുപടി നൽകിയിട്ടുണ്ടെങ്കിൽ അത് ശരിയായ കാര്യമല്ല', സുനിൽ കുമാർ പറഞ്ഞു.

ഇത് സംബന്ധിച്ച് താൻ നേരിട്ട് ഡിജിപിക്കും ചീഫ് സെക്രട്ടറിക്കും വിവരാവകാശ അപേക്ഷ സമർപ്പിക്കാൻ പോകുകയാണ്. പല പോലീസ് ഉദ്യോഗസ്ഥരും അന്വേഷണം നടന്നതായി തന്നോട് പറഞ്ഞിട്ടുണ്ടെന്നും സുനിൽ കുമാർ കൂട്ടിച്ചേർത്തു. 'ഇതിൽ യാതൊരു നടപടികളുമില്ലാതെ കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ എനിക്കറിയുന്ന കാര്യങ്ങൾ ജനങ്ങളോട് പറയും. അത് പറയാൻ ഞാൻ ബാധ്യസ്ഥനാണ്. സ്ഥാനാർഥി എന്ന നിലയിലുള്ള എന്റെ ആശങ്കയല്ല. ഒരു തൃശ്ശൂർകാരനെന്ന നിലയിലാണ് ഞാൻ ഇത് ആവശ്യപ്പെടുന്നത്', സുനിൽ കുമാർ വ്യക്തമാക്കി.

സാങ്കേതിക കാരണം പറഞ്ഞാണ് തൃശ്ശൂർ കമ്മിഷണർക്കെതിരെ തിരഞ്ഞെടുപ്പ് കാലത്ത് നടപടി എടുക്കാതിരുന്നത്. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം മാറ്റിയ ശേഷമാണ് കമ്മിഷണറെ സ്ഥലംമാറ്റിയത്. കമ്മിഷണറെ സ്ഥലംമാറ്റേണ്ടതില്ലെന്ന് ആവശ്യപ്പെട്ത് ബിജെപി സ്ഥാനാർഥിയായി ജയിച്ച ആളാണെന്നും അദ്ദേഹം പറഞ്ഞു.

വീണ്ടും ജീവനെടുത്ത് ഷവർമ; ഭക്ഷ്യവിഷബാധയേറ്റ് ചികിത്സയിലിരുന്ന യുവതി മരിച്ചു

ചെന്നൈ: ഷവർമ കഴിച്ച് ഭക്ഷ്യവിഷബാധയേറ്റ് ചികിത്സയിലിരുന്ന 22കാരി മരിച്ചു. തിരുവിഥി അമ്മൻ സ്ട്രീറ്റിൽ താമസിച്ചിരുന്ന സ്വകാര്യ സ്കൂളിലെ അദ്ധ്യാപികയായ ശ്വേതയാണ് മരിച്ചത്. അടുത്തിടെ സഹോദരനൊപ്പം പുറത്തുപോയ യുവതി വാനഗരത്തിനടുത്തുള്ള ഫാസ്റ്റ് ഫുഡ് റസ്റ്റോറന്റിൽ നിന്നും ഷവർമ കഴിച്ചിരുന്നു. വീട്ടിലെത്തിയതിനുശേഷം മീൻകറിയും കഴിച്ചു.

പിന്നാലെ യുവതി ഇടതടവില്ലാതെ ഛർദ്ദിക്കുകയും ബോധരഹിതയാകുകയും ചെയ്തു. ശ്വേതയെ ഉടൻ തന്നെ പോരൂരിലെ സ്വകാര്യ ആശുപത്രിയിൽ എത്തിക്കുകയായിരുന്നു. ആരോഗ്യനില മോശമായതിനെ തുടർന്ന് ചൊവ്വാഴ്ച സ്റ്റാൻലി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. സംഭവത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

അടുത്തിടെയും ഷവർമ കഴിച്ചതിനെ തുടർന്ന് തമിഴ്നാട്ടിൽ 14കാരി മരിച്ചിരുന്നു. കലൈയരശിക്ക് സമീപം എസ് പേട്ട സ്വദേശിയായ പെൺകുട്ടിയാണ് മരിച്ചത്. നാമക്കൽ ജില്ലയിലെ പരമത്തിയിൽ പ്രവർത്തിക്കുന്ന ഹോട്ടലിൽ നിന്ന് ഷവർമ കഴിച്ചതിനു പിന്നാലെയാണ് പെൺകുട്ടിക്ക് ദേഹാസ്വാസ്ഥ്യം ഉണ്ടായത്. കഴിഞ്ഞ ചൊവ്വാഴ്ചയായിരുന്നു സംഭവം. ഹോട്ടലിൽ നിന്ന് അന്നേദിവസം ഭക്ഷണം കഴിച്ച 42ഓളം പേർക്കും സമാന അവസ്ഥയുണ്ടായിരുന്നു. ഇതോടെ സംസ്ഥാനത്തുടനീളമുള്ള ഹോട്ടലുകളിൽ അടിയന്തര പരിശോധന നടത്താൻ ആരോഗ്യമന്ത്രി സുബ്രഹ്മണ്യം ഉത്തരവിട്ടിരുന്നു.

വഴി തെറ്റിച്ച് പാഞ്ഞെത്തി ബൈക്ക് യാത്രികനെ ഇടിച്ചുതെറിപ്പിച്ച് കാർ, 23കാരന് ദാരുണാന്ത്യം

ഗുരുഗ്രാം: സുഹൃത്തുക്കൾക്കൊപ്പം ബൈക്കോടിച്ച് പോകുകയായിരുന്ന 23കാരൻ വഴി തെറ്റി വന്ന കാറിടിച്ച് മരിച്ചു. ഹരിയാനയിലെ ഗുരുഗ്രാമിൽ ഇക്കഴിഞ്ഞ ഞായറാഴ്ചയാണ് സംഭവം. സംഭവത്തിന്റെ ഗോപ്രോ ക്യാമറാ ദൃശ്യങ്ങൾ പുറത്തുവന്നതോടെയാണ് വിവരം വാർത്തയായത്. സുഹൃത്തുക്കൾക്കൊപ്പം മുന്നിൽ പോകുകയായിരുന്ന ഡൽഹി ദ്വാരക സ്വദേശിയായ അക്ഷന്ത് ഗാർഗ് എന്ന യുവാവാണ് തെറ്റായ ദിശയിൽ വന്ന മഹീന്ദ്ര കാറിടിച്ച് മരിച്ചത്.

സുപ്രീംകോടതി യൂട്യൂബ് ചാനൽ ഹാക്ക് ചെയ്യപ്പെട്ടു, ചാനൽ മുഴുവൻ ക്രിപ്റ്റോ വീഡിയോകൾ

ന്യൂഡൽഹി: സുപ്രീം കോടതി യൂട്യൂബ് ചാനൽ ഹാക്ക് ചെയ്തതായി റിപ്പോർട്ട്. ചാനലിൽ ഇപ്പോൾ എക്സ്ആർപി എന്ന ക്രിപ്റ്റോ കറൻസിയുമായി ബന്ധപ്പെട്ട വീഡിയോകളാണ് കാണിക്കുന്നത്. കോടതി നടപടികൾ തത്സമയം സ്ട്രീം ചെയ്തിരുന്ന ചാനലാണിത്. സുപ്രധാന കേസുകളിൽ പലതിന്റേയും വീഡിയോകൾ ഈ ചാനലിലൂടെ പങ്കുവെച്ചിരുന്നു. ചാനലിലെ കോടതി വീഡിയോകൾ എല്ലാം തന്നെ നീക്കം ചെയ്യപ്പെട്ടിട്ടുണ്ട്.

'Brad Garlinghouse: Ripple Responds To The SEC's $2 Billion Fine! XRP PRICE PREDICTION' എന്ന പേരിൽ ഒരു തത്സമയ സ്ട്രീമിങ് വീഡിയോയും ചാനലിൽ ഉണ്ട്. സാധാരണ കോടതി നടപടികളാണ് ഈ ചാനലിൽ തത്സമയം നൽകിയിരുന്നത്. ജുഡീഷ്യറിയുടെ നിയന്ത്രണത്തിലുള്ള ഓൺലൈൻ പ്ലാറ്റ്ഫോം ഹാക്ക് ചെയ്യപ്പെട്ടത് ഗുരുതരമായ സൈബർ സുരക്ഷാ വീഴ്ചയായാണ് വിലയിരുത്തപ്പെടുന്നത്.

കഴിഞ്ഞ വർഷം വ്യാജ സുപ്രീംകോടതി വെബ്സൈറ്റ് ഉപയോഗിച്ചുള്ള ഫിഷിങ് ആക്രമണം നടന്നിരുന്നു. ഇതേ തുടർന്ന് ഓൺലൈൻ ഇടപാട് നടത്തുന്നതിന് മുമ്പ് അഭിഭാഷകർ സൂക്ഷിക്കണമെന്ന മുന്നറിയിപ്പ് ചീഫ് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഡ് പുറത്തിറക്കിയിരുന്നു.

കയറിട്ട് കഴുത്ത് ഞെരിച്ചു; മരണം ഉറപ്പാക്കാൻ വെട്ടി; ഭാര്യയുടെ മരണം കണ്ടാസ്വദിച്ചു

കൊല്ലം: കൊട്ടാരക്കരയിൽ ഭാര്യയെ അതിക്രൂരമായി കൊലപ്പെടുത്തി ഭർത്താവ്. പ്ലാസ്റ്റിക് കയറുകൊണ്ട് കഴുത്ത് ഞെരിച്ച് ഭാര്യയെ കൊന്നിട്ടും മരണം ഉറപ്പാക്കാനായി വെട്ടുകത്തി കൊണ്ടു കഴുത്തിൽ പിന്നെയും വെട്ടിപ്പരുക്കേൽപ്പിച്ചു പ്രതി. കൃത്യത്തിനു ശേഷം ഓട്ടോറിക്ഷയിലെത്തി പ്രതി പോലീസിൽ കീഴടങ്ങുകയായിരുന്നു. പി.സരസ്വതിയമ്മ എന്ന 62കാരിയാണ് കൊല്ലപ്പെട്ടത്. ഭർത്താവ് ഡി.സുരേന്ദ്രൻപിള്ള (63) അറസ്റ്റിലായി.

സംഭവസമയത്തു വീട്ടിൽ മറ്റാരും ഉണ്ടായിരുന്നില്ല. വിദേശത്തുള്ള ഇളയ മകന്റെ ഭാര്യയും ഒന്നേകാൽ വയസുള്ള മകനുമാണു ദമ്പതികൾക്കൊപ്പം താമസിച്ചിരുന്നത്. ഇവർ തൊട്ടടുത്ത് താമസിക്കുന്ന മൂത്ത മകന്റെ വീട്ടിലേക്ക് പോയ തക്കത്തിനാണ് സുരേന്ദ്രൻപിള്ള ക്രൂരകൃത്യം നടപ്പാക്കിയത്. ഭാര്യ മരിക്കുന്നത് നേരിൽ കണ്ട് ആസ്വദിച്ചു. മരണം ഉറപ്പിക്കാനായി കഴുത്ത് അറുത്തു. രക്തക്കറ പടർന്ന വേഷം മാറി സമീപവാസിയായ ഓട്ടോറിക്ഷ ഡ്രൈവർ ബാബുവിന്റെ വീട്ടിലെത്തി. കൊട്ടാരക്കരയ്ക്കു പോകണം എന്നുപറഞ്ഞാണ് ഓട്ടോയിൽ കയറിയതെന്ന് ബാബു പറയുന്നു.

ഇന്നലെ രാവിലെ 10 മണിയോടെയായിരുന്നു സംഭവം. ഭാര്യയെ സുരേന്ദ്രൻപിള്ളയ്ക്ക് സംശയമായിരുന്നു. ഇതാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നാണ് വിവരം. സരസ്വതിയമ്മയെ വെട്ടിക്കൊലപ്പെടുത്തുമെന്നു സുരേന്ദ്രൻപിള്ള മുൻപ് പലതവണ ഭീഷണിപ്പെടുത്തിയിരുന്നതായി ബന്ധുക്കൾ ആരോപിച്ചു. മദ്യലഹരിയിൽ സരസ്വതിയമ്മയെ സുരേന്ദ്രൻപിള്ള ക്രൂരമായി ഉപദ്രവിക്കാറുണ്ടായിരുന്നു എന്നാണ് ബന്ധുക്കളുടെ മൊഴി.

ശരീരത്തിലെ മുറിവുകൾ കണ്ട് പലരും ചോദിക്കുമ്പോഴും അവർ ആരോടും ഒന്നും പറഞ്ഞിരുന്നില്ല. പറഞ്ഞാൽ വീണ്ടും ഉപദ്രവിക്കുമെന്ന ഭയമാകാം കാരണമെന്നാണ് സരസ്വതിയമ്മയുടെ അനന്തിരവൾ ബിന്ദുജയും ബന്ധു അമ്പിളിയും പറയുന്നത്. രണ്ട് മാസം മുൻപും ക്രൂരമായി ഉപദ്രവിച്ചു. അതിന്റെ ദൃശ്യങ്ങൾ ബന്ധു മൊബൈൽ ഫോണിൽ പകർത്തി മറ്റ് ബന്ധുക്കൾക്ക് അയച്ചുകൊടുത്തു. ബന്ധുക്കൾ പോലീസിൽ പരാതി നൽകാൻ എത്തിയെങ്കിലും ഇനി ഉപദ്രവിക്കില്ലെന്ന സുരേന്ദ്രൻപിള്ളയുടെ ഉറപ്പിൽ ഒത്തുതീർപ്പാക്കി.

അമ്മയെ വീട്ടിലേക്ക് വിളിച്ചുകൊണ്ടു പോകാൻ തയാറായി മൂത്തമകൻ എത്തിയെങ്കിലും സരസ്വതിയമ്മ പോയതുമില്ല. അതിനുശേഷം സമീപകാലം വരെ വലിയ പ്രശ്നങ്ങളില്ലായിരുന്നുവെന്നാണ് ബന്ധുക്കൾ പറയുന്നത്. ഓണത്തിന് ബന്ധുക്കൾ ഇവരുടെ വീട്ടിൽ ഒത്തുകൂടിയിരുന്നു. സംഭവം നടക്കുന്നതിന്റെ തൊട്ടു തലേദിവസം വൈകിട്ട് വരെ ഇവർ വീട്ടിലുണ്ടായിരുന്നു. ഇവരെല്ലാം പോയതിനു ശേഷമാണ് മുൻകൂട്ടി നിശ്ചയിച്ചപേലെ പ്രതി കൊലപാതകം നടത്തിയത്.

മൂത്ത മരുമകളെ വിളിച്ച് ഇളയ മരുമകളെയും കുഞ്ഞിനെയും ഇപ്പോൾ വീട്ടിലേക്ക് മടക്കി അയക്കേണ്ട. താൻ ഭാര്യയെ കൊലപ്പെടുത്തിയെന്ന് സുരേന്ദ്രൻപിള്ള അറിയിച്ചു. ഓട്ടോറിക്ഷയിൽ പോലീസ് സ്റ്റേഷനിലേക്ക് കീഴടങ്ങാൻ പോകും വഴിയാണ് ഫോണിൽ ഇക്കാര്യം വിളിച്ചുപറഞ്ഞത്. കശുവണ്ടി തൊഴിലാളിയായിരുന്ന സരസ്വതിഅമ്മ വിരമിച്ച ശേഷം തയ്യൽ ജോലി ചെയ്തു വരികയായിരുന്നു. സുരേന്ദ്രൻപിള്ളയ്ക്കും തയ്യൽജോലി ആയിരുന്നു. സമീപത്തെ കടമുറി വാടകയ്ക്കെടുത്തു തയ്യൽക്കട നടത്തുകയായിരുന്നു സുരേന്ദ്രൻപിള്ള.

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 833/2018

Reena Davis

–ഹരജിക്കാരി

Ramesh
S/o. Ramakrishnan, Manali House, Eravakkad P.O., Thrissur-680306

– 2–ാം എതൃകക്ഷി

മേൽ നമ്പർ ഹരജിയിൽ 2–ാംഎതൃകക്ഷിക്കുള്ള കല്പന പതിച്ചുനടത്തുന്നതിന് കല്പിച്ച് മേൽ നമ്പർ കേസ് **05–10–2024** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. അന്നേദിവസം നിങ്ങൾ ഹാജരാകാത്ത പക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പാക്കുമെന്നും അറിയിച്ചുകൊള്ളുന്നു.

എന്ന്, 20–09–2024
ഹരജിഭാഗം അഡ്വക്കേറ്റ്
ഫ്രാൻസിസ് കുരിയൻ (ഒപ്പ്)

ഹിസ്ബുള്ളയ്ക്കുള്ള പേജറുകൾ നിർമിച്ചത് ഇസ്രയേൽ കമ്പനി; രണ്ടു വർഷം മുമ്പ് തുടങ്ങിയ ആസൂത്രണം

ന്യൂയോർക്ക്: ലെബനനിൽ 20 ഓളം പേരുടെ മരണത്തിനിടയാക്കുകയും നൂറുകണക്കിന് ആളുകൾക്ക് പരിക്കേൽപ്പിക്കുകയും ചെയ്ത സ്ഫോടന പരമ്പരക്ക് കാരണമായ പേജറുകൾ ഹിസ്ബുള്ളക്ക് നിർമിച്ചുനൽകിയത് ഇസ്രയേലിന്റെ കടലാസ് കമ്പനിയാണെന്ന് റിപ്പോർട്ട്. ഹംഗറി ആസ്ഥാനമായ ബി എസി കൺസൾട്ടിങ്ങാണ് പൊട്ടിത്തെറിച്ച പേജറുകൾ നിർമിച്ചത്. ഇതൊരു ഇസ്രയേൽ ഷെൽ കമ്പനിയാണെന്നാണ് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്യുന്നത്. ഹിസ്ബുള്ളയുടെ ആശയവിനിമയ ശൃംഖല തകർക്കാൻ ഇസ്രായേലി രഹസ്യാന്വേഷണ ഏജൻസികളുടെ വളരെ ആസൂത്രിതമായ നീക്കത്തിന്റെ ഭാഗമായിരുന്നു ഈ സ്ഫോടനങ്ങളെന്നാണ് വിവരം.

ബിഎസിക്ക് ഇസ്രയേലുമായുള്ള ബന്ധം മറച്ചുവെക്കാൻ മറ്റു രണ്ട് ഷെൽ കമ്പനികൾകൂടി ഇസ്രയേൽ രഹസ്യാന്വേഷണ വിഭാഗം ആരംഭിച്ചിരുന്നതായും റിപ്പോർട്ടിൽ പറയുന്നു.

ഇസ്രയേലിന്റെ ഹൈടെക് ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടാനും നിരീക്ഷണമൊഴിവാക്കാനും ഹിസ്ബുള്ള അംഗങ്ങൾ മൊബൈൽ ഫോൺ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കലങ്ങി മറിയുന്ന ഹരിയാന രാഷ്ട്രീയവും വിനേഷ് ഫോഗട്ടും

ആസന്നമായ ഹരിയാന, ജമ്മുകശ്മീർ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ രാഷ്ട്രീയത്തിലെ ഗതിവിഗതികളെ നിർണയിക്കുന്ന തിരഞ്ഞെടുപ്പാണ് നടക്കുന്നത്. ഇന്ത്യയിൽ മാറ്റങ്ങളുടെ തുടക്കം പലപ്പോഴും കുറിക്കപ്പെടുന്നത് ഡൽഹിയുടെ പ്രാന്തപ്രദേശമായ ഹരിയാനയിൽ നിന്നും കിഴക്കൻ ഉത്തർപ്രദേശിൽ നിന്നുമാണ്. ഹരിയാനയിലെ ഭൂരിപക്ഷ ജനങ്ങൾ അവരുടെ ഉപജീവന മാർഗം കൃഷിയെ ആശ്രയിച്ചാണ്. ഇന്ത്യയിലെ ഏറ്റവും കൂടുതൽ കർഷകരുള്ള സംസ്ഥാനങ്ങളിലൊന്ന് ഹരിയാനയാണ്. നിത്യജീവിതത്തിന്റെ ഭാഗമായി തൊഴിലെന്നപോലെ അവരുടെ സംസ്ക്കാരത്തിന്റെ ഭാഗമായി അവിടുത്തെ യുവാക്കളിലെ ഭൂരിഭാഗം പേരും അവരുടെ ജീവിതാഭിലാഷം ആയോധന കലയിലും അതുപോലെ തന്നെ കായികപരമായി ഗുസ്തിയിലുമാണ് ഏറെ ശ്രദ്ധപുലർത്തുന്നത്. നാനാജാതികളുള്ള ഹരിയാനയിൽ രാഷ്ട്രീയത്തിൽ നിർണായക സ്വാധീനമുള്ളത് ജാട്ട് സമുദായത്തിനാണ്. കർഷകരും, ആയോധന കലയായ അഗ്നിവീർ, കായികമായാണെങ്കിലും എല്ലാ മേഖലയിലും ജാട്ട് സമുദായത്തിന്റെ പങ്ക് ഏറെ നിസ്തുലമാണ്. തൊഴിലില്ലായ്മ , കർഷക പ്രക്ഷോഭം, ഗുസ്തി താരങ്ങൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ, അഗ്നിവീറുകളെ നിരുത്സാഹപ്പെടുത്തുന്ന നടപടികൾ സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇതുവരെ കാണാൻ സാധിക്കാത്ത വിചിത്ര സംഭവവികാസങ്ങളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

മോദി പ്രഭാവത്തിൽ കഴിഞ്ഞ 2 പാർലമെന്റ് തിരഞ്ഞെടുപ്പുകളിൽ പത്തിൽ പത്ത് സീറ്റും തങ്ങളുടെ കൈപ്പിടിയിൽ ഒതുക്കിയ ബി ജെ പിക്ക് ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പകുതി സീറ്റായി കുറഞ്ഞു. ഭരണ വിരുദ്ധ വികാരം തന്നെയാണ് കാരണം. കർഷകരുടെ മിനിമം താങ്ങുവില ഉറപ്പാക്കാതെ പാർലമെന്റിൽ ബില്ല് പാസ്സാക്കിയെടുത്തപ്പോൾ എളുപ്പത്തിൽ ജയിച്ചു കേറാമെന്ന് കരുതിയെങ്കിൽ അവിടം മുതൽ തന്നെ കാര്യങ്ങൾ കൈവിട്ടു പോയിരുന്നു. ഇനി സംസ്ഥാന രാഷ്ട്രീയത്തിലേക്ക് വന്നാൽ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് 30 സീറ്റിൽ ഒതുങ്ങുകയും 40 സീറ്റോടെ ഏറ്റവും വലിയ കക്ഷിയായി ബി ജെ പി വരികയും എന്നാൽ ഒരു പാർട്ടിക്കും സംസ്ഥാനം ഭരിക്കാനുള്ള ഭൂരിപക്ഷം കിട്ടാത്തതിനെ തുടർന്ന് പത്ത്സീറ്റുള്ള പ്രാദേശിക പാർട്ടിയായ ജെ ജെ പി യുമായി സഖ്യം ചേർന്നും ചില സ്വതന്ത്രരെയും കൂടെ കൂട്ടി ഭരിക്കാനുള്ള മാന്ത്രിക സംഖ്യയുമായാണ് മനോഹർലാൽ ഖട്ടറിന്റെ നേതൃത്വത്തിലുള്ള സഖ്യ സർക്കാർ ഹരിയാന ഭരിച്ചിരുന്നത്. ഭരണം ഏറ്റെടുത്ത് നാല് വർഷമാവുമ്പോഴേക്കും ഭരണവിരുദ്ധ വികാരം തിരിച്ചറിഞ്ഞ ബി ജെ പി കേന്ദ്ര നേതൃത്വം ഇടപ്പെട്ട് ഖട്ടറിനെ മുഖ്യമന്ത്രി സ്ഥാനത്ത് നിന്ന് നീക്കി പകരം നയാബ് സിഗ് സൈനിയെ തൽസ്ഥാനത്ത് ബി ജെ പി മുഖ്യമന്ത്രിയായി പ്രതിഷ്ഠിച്ചു. ആയിടക്ക് തന്നെ സഖ്യസർക്കാരിൽ പൊട്ടിത്തെറികൾ ഉടലെടുക്കുകയും ജെ ജെ പി യിലെ ചില എം എൽ എ മാരും സ്വാതന്ത്രമാരും ബിജെപി സർക്കാരിനുള്ള പിന്തുണ പിൻവലിക്കുകയും സർക്കാർ തന്നെ താഴെ വീഴുമെന്ന അവസ്ഥയിലേക്ക് ഹരിയാനയിലെ സഖ്യ സർക്കാറിന്റെ നിലപരുങ്ങലിലായി. തെഴിലില്ലായ്മ രൂക്ഷമായതിനാൽ സംസ്ഥാനത്തെ യുവാക്കൾ തന്നെ തെരുവിലിങ്ങിയും അഗ്നിവീർ പദ്ധതിയിലെ പാളിച്ചകളും സർക്കാരിനുള്ള അപായ സൂചനയായി മാറി. എന്നാൽ തിരഞ്ഞെടുപ്പിന് അവശേഷിക്കുന്ന മാസങ്ങൾ മാത്രമുള്ളു എന്ന് മുന്നിൽ കണ്ട് പ്രതിപക്ഷമായ കോൺഗ്രസ്സ് വിശ്വാസ വോട്ടെടുപ്പിന് തുനിഞ്ഞില്ല. കർഷക പ്രക്ഷോഭം ഇന്ദ്രപ്രസ്ഥത്തിൽ കൊടുമ്പിരി കൊള്ളുകയും കർഷകർക്കെതിരെയുള്ള കേന്ദ്ര സംസ്ഥാന സർക്കാരിന്റെ തികഞ്ഞ അവജ്ഞയോടുള്ള സമീപനങ്ങൾ സംസ്ഥാന സർക്കാരിന് തന്നെ വിനയായിത്തീർന്നു. ഈ അവസരത്തിലാണ് വനിത ഗുസ്തി തരങ്ങൾക്കെതിരെയുള്ള ലൈഗീക അതിക്രമക്കേസിൽ മുൻ ബിജെപി എംപിയായ ബ്രിജ് ഭൂഷൺ ചരൺ സിങ്ങിനെതിരെ അന്വേഷണം ആവശ്യപ്പെട്ട് ഡൽഹിയിൽ ഗുസ്തി താരങ്ങളുടെ പ്രക്ഷോഭത്തിൽ വിനേഷ്ഫോഗട്ടും, ബജ്റങ് പുനിയയും പങ്കെടുക്കുന്നത്. ഡൽഹിയിൽ പ്രക്ഷോഭത്തിൽ ഫോഗട്ട് അടങ്ങുന്ന നിരവധി താരങ്ങൾക് പരുക്കേൽക്കുകയും ഗുസ്തി താരങ്ങളെ അതി ക്രൂരമായി തന്നെ പോലീസ് നരനായാട്ട് നടത്തുകയും പ്രതിഷേധക്കാരെ കൽതുറങ്കിലടക്കുകയും ചെയ്തിരുന്നു. പോലീസിന്റെ കിരാത നടപടിയിൽ രാഷ്ട്രീയ ഗൂഢലോചന നടന്നതായി പലകോണുകളിൽ നിന്നും ആക്ഷേപം ഉയർന്ന് വന്നിരുന്നു. ഡൽഹി പോലീസിന്റെ പക്ഷം ചേർന്നുള്ള നടപടികൾക്കെതിരെ രജ്യ വ്യാപക പ്രതിഷേധം നാമെല്ലാവരും കണ്ടതാണ്.

ആയിടക്കാണ് ഗുസ്തിതാരങ്ങളുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് കർഷകരും രംഗത്ത് വന്നത്. കർഷകരുടെ പങ്കാളിത്തം സമരത്തിന്റെ ഗതി തന്നെ മാറ്റി മറിച്ചു. ദേശിയതലത്തിൽ ഏറെ ജനശ്രദ്ധ ആകർഷിക്കുകയും സമരം മറ്റൊരു തലത്തിലേക്ക് മാറുകയും ചെയ്തു. എന്നാൽ പ്രതിഷേധം തണുപ്പിക്കാൻ ഗുസ്തി ഫെഡറേഷൻ അധ്യക്ഷൻ സ്ഥാനത്ത് നിന്ന് എംപിയെ നീക്കിയെങ്കിലും ഈ സ്ഥാനത്ത് എംപിയുടെ മകനെയാണ് കേന്ദ്ര സർക്കാർ അവരോധിച്ചത്. ഇതിൽ നിന്ന് എന്തു സന്ദേശമാണ് ഇന്ത്യൻ സമൂഹത്തിന് നൽകുന്നതെന്ന് വ്യവസ്ഥാപിത ഇന്ത്യൻ സമൂഹത്തിന് മനസ്സിലാകും. ഡൽഹിയിലെ സമര പരിപാടിങ്ങളുമായി മുന്നോട്ട് പോകുന്ന സമയത്ത് ഗുസ്തി താരങ്ങളായ വിനേഷ് ഫോഗട്ടിനും ബജ്രംഗ് പൂനിയക്കും ദേശിയ ശ്രദ്ധ നേടാനും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ ചിത്രം തന്നെ മാറ്റി മറിക്കാൻ ഈ സമരത്തിലൂടെ സാധിച്ചു. കുറച്ചുമാസങ്ങൾക്ക് മുമ്പ് ഫ്രാൻസിൽ നടന്ന ഒളിമ്പിക്സിൽ 100ഗ്രാം ഭാരകൂടുതൽ ഉണ്ട് എന്ന കാരണത്താൽ ഫൈനൽ മത്സരത്തിൽ നിന്ന് വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കുകയും കോടിക്കണക്കിന് ഇന്ത്യൻ ജനതയുടെ സ്വർണ മെഡലെന്ന സ്വപ്നം സാക്ഷത്കാരത്തിനാണ് തുരങ്കം വെച്ചത്.

മെഡൽ ലബ്ബിക്ക് അർഹയായില്ലങ്കിലും വിനേഷ് ഫോഗട്ടെന്ന ഇന്ത്യയുടെ ധീര പുത്രിക്ക് ഇന്ത്യൻ ജനതയുടെ ഹൃദയത്തിൽ അപ്പോൾ തന്നെ സ്ഥാനം നേടിക്കഴിഞ്ഞിരുന്നു.

രാജ്യത്തിന് വേണ്ടി ഒളിമ്പിക്സ് കൂടാതെ കോമൺവെൽത്ത്, ഏഷ്യൻ ഗെയിംസ്മത്സരങ്ങളിൽ നിന്ന് മെഡലുകൾ വാരികൂട്ടിയ താരത്തെയാണ് ഭാരകൂടുതൽക്കൊണ്ട് അയോഗ്യയാക്കിയത്. രാഷ്ട്രീയ ഗൂഢാലോചന ഉണ്ട് എന്ന് വരെ ചില കോണുകളിൽ നിന്ന് ഉയർന്ന് വന്നിരുന്നു. വിനേഷിന്റെ ആരോഗ്യ സംബന്ധമായ കാര്യങ്ങൾ നോക്കുവാൻ ഒരു വിദഗ്ദ്ധ ഡോക്ടർമാരുടെ സംഘം തന്നെ കൂടെ ഉണ്ടായിരുന്നുവെങ്കിലും എങ്ങനെയാണ് ഇങ്ങനെയൊരു അപാകത സംഭവിച്ചതെന്ന് കായിക ലോകത്തിന് സംശയം ഉളവാക്കുന്ന കാര്യമാണ്.

ഇപ്പോളിതാ രാഷ്ട്രീയ ഗോദയിലേക്കുള്ള പ്രവേശനം കുറിക്കപ്പെട്ടിരിക്കുന്നു. ഒളിമ്പിക്സിൽ നിന്ന് അയോഗ്യയാക്കിയതിനെ തുടർന്ന് ഇന്ത്യയിൽ തിരിച്ചെത്തിയ ഫോഗട്ടിനെ ഹരിയാന രാഷ്ട്രീയത്തിലെ കോൺഗ്രസിന്റെ മുതിർന്ന നേതാവും മുൻ മുഖ്യമന്ത്രിയുടെ മകനുമായ ദീപേന്ദർ സിഗ് ഹൂഡയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് പ്രവർത്തകരാണ് ഹർഷാരവത്തോടെ വരവേറ്റത്. അപ്പോൾ തന്നെ കോൺഗ്രസ് പാർട്ടിയിലേക്ക് പോകുമെന്ന അഭ്യൂഹങ്ങൾ പരന്നെങ്കിലും സ്ഥിരീകരിച്ചിരുന്നില്ല.എന്നാൽ ഹരിയാനയിൽ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിന് പിന്നാലെ ഗുസ്തി താരങ്ങളായ ഫോഗട്ടും ഭജ്റംഗ് പുനിയായുമായി കോൺഗ്രസ് നേതാക്കൾ നടത്തിയ ചർച്ചകൾക്ക് ശേഷം അഭ്യൂഹങ്ങൾക്ക് വിരാമമിട്ട് ഇരുവരും കോൺഗ്രസ്ആസ്ഥാനത്ത് നിന്ന് പാർട്ടി അംഗത്വം സ്വീകരിച്ചത്. ജെ ജെ പിയുടെ സിറ്റിംഗ് സീറ്റായ ജുലാന മണ്ഡലത്തിൽ നിന്നാണ് ഫോഗട്ട് ജനവിധി തേടുന്നത്. കഴിഞ്ഞ പ്രാവശ്യം മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ട കോൺഗ്രസ് മണ്ഡലം തിരിച്ചു പിടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഫോഗട്ടിനെ കളത്തിലിറക്കിയിട്ടുള്ളത്. ഹരിയാന രാഷ്ട്രീയത്തിൽ കോൺഗ്രസിന് കാര്യങ്ങൾ എളുപ്പമാകുമെന്ന ഉദ്ദേശത്തോടെയാണ് ഈ കരുനീക്കങ്ങൾ. ഇപ്പോൾ വരുന്ന അഭിപ്രായ സർവേകളിൽ കോൺഗ്രസിനാണ് മുൻതൂക്കമെങ്കിലും എ എ പി പോലെയുള്ള രാഷ്ട്രീയ കക്ഷികൾ ഒറ്റക്ക് മത്സരിക്കുന്നത് കൊണ്ട് മതേതര വോട്ടുകൾ ഭിന്നിച്ചു പോകുമെന്നുള്ള ഭയം കോൺഗ്രസ്പോലെയുള്ള രാഷ്ട്രീയ പാർട്ടികൾക്ക് ഉണ്ട് തൊണ്ണൂറ് അംഗ നിയമസഭാ മണ്ഡലങ്ങളിലായി ഒക്ടോബർ 5നാണ് വോട്ടെടുപ്പ് വോട്ടെണ്ണൽ ഒക്ടോബർ 8നുമാണ്. ഫോഗട്ടിലൂടെ മണ്ഡലം തിരിച്ചു പിടിക്കുകയാണെങ്കിൽ അതുവഴി സംസ്ഥാന ഭരണവും പിടിക്കുകയാണെങ്കിൽ കോൺഗ്രസ് പാർട്ടിക്കും ഇന്ത്യാ മുന്നണിക്കും വരും തിരഞ്ഞെടുപ്പുകളിൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ മാറ്റത്തിന്റെ മറ്റൊരു കാറ്റ് വീശിത്തുടങ്ങും. ഫോഗട്ടിന് തന്നെ മുറിവേൽപ്പിച്ചവർക്കുള്ള മറുപടിയായും ഹരിയാന തിരഞ്ഞെടുപ്പ് ഫലം കണക്കാക്കേണ്ടി വരുക തന്നെ ചെയ്യും.

കമർ സമാൻ

പുന: പ്രതിഷ്ഠയും സർപ്പബലിയും നടത്തി

അവിട്ടത്തൂർ: കീഴ്തൃക്കോവിൽ ശ്രീകൃഷ്ണ ക്ഷേത്രത്തിലെ നാലമ്പലത്തിനു പുറത്തായി ദുർഗ്ഗാ ഭഗവതിയെ പുതിയ ശ്രീകോവിലിൽ പ്രതിഷ്ഠിക്കുന്നതിന്റെയും, പുതിയ സർപ്പക്കാവിലെ പ്രതിഷ്ഠാ കർമ്മവും ക്ഷേത്രം തന്ത്രിമാരായ നകർണ്ണി മനയ്ക്കൽ രാമൻ നമ്പൂതിരിയുടെയും, നാരായണൻ നമ്പൂതിരിയുടെയും കാർമ്മികത്വത്തിൽ നടന്നു. പുന: പ്രതിഷ്ഠാ ചടങ്ങുകളിലും, സർപ്പബലിയിലും ഭക്തജനങ്ങൾ പങ്കെടുത്തു. ക്ഷേത്രം ഭാരവാഹികളായ പി.എൻ. ഈശ്വരൻ, എ.സി. ദിനേഷ് വാരിയർ, എ അജിത്ത് കുമാർ, എ.എസ്. സതീശൻ എന്നിവർ നേതൃത്വം നൽകി.

അമലയിൽ ആധുനിക സൗകര്യങ്ങളോടെ ആരംഭിച്ച 'അമല കഫേ'യുടെ ഉദ്ഘാടനം വേലൂർ പഞ്ചായത്ത് പ്രസിഡൻറ് ടി.ആർ ഷോബി നിർവ്വഹിക്കുന്നു.

എൻ .എസ്. എസ്. കരയോഗം ആസ്ഥാന മന്ദിരം ശിലാസ്ഥാപനം നടത്തി

ഇരിങ്ങാലക്കുട : കൊരുമ്പുശ്ശേരിയിൽ പുതുതായി രൂപീകരിച്ച എൻ എസ് എസ് കരയോഗത്തിന്റെ (രജി.നമ്പർ 5870) ആസ്ഥാന മന്ദിരത്തിന്റേയും കമ്മ്യൂണിറ്റി ഹാളിന്റെയും ശിലാസ്ഥാപനം എൻ എസ് എസ് താലൂക്ക് യൂണിയൻ പ്രസിഡന്റ് അഡ്വ. ഡി. ശങ്കരൻകുട്ടി നിർവ്വഹിച്ചു. കരയോഗം യൂണിറ്റ് പ്രസിഡൻറ് കാക്കര സുകുമാരൻ നായർ അധ്യക്ഷത വഹിച്ചു. തദവസരത്തിൽ ഈ മന്ദിരം നിർമ്മിക്കുവാൻ സ്ഥലം ദാനം ചെയ്ത കൃഷ്ണ സുകുമാരൻ നായരേയും, അശരണർക്കും വയോജനങ്ങൾക്കും ഉപകാരപ്പെടുന്ന പലവിധ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കുന്ന കാക്കര സുകുമാരൻ നായരേയും താലൂക്ക് യൂണിയൻ പ്രസിഡൻറ് അഡ്വ.ശങ്കരൻകുട്ടി പൊന്നാട അണിയിച്ച് ആദരിച്ചു. വി. ശ്രീകുമാർ, കെ. ഹേമചന്ദ്രൻ, കെ.ഗിരിജ, എൻ. എസ്. മഹേഷ്, കൃഷ്ണകുമാർ എന്നിവർ പ്രസംഗിച്ചു.

മരം ലേലം 26ന്

വടക്കേക്കാട്: വടക്കേക്കാട്: പോലീസ് സ്റ്റേഷൻ വളപ്പിൽ അപകടാവസ്ഥയിലുള്ള 5മരങ്ങൾ ലേലം ചെയ്തു മുറിച്ചു മാറ്റുന്നതിന് സെ.26ന് രാവിലെ 11ന് ലേലം നടത്തും.

നിരതദ്രവ്യം 1000 രൂപ. വടക്കേക്കാട് പോലീസ് സ്റ്റേഷനിൽ വൈകിട്ട് 3മുതൽ 5 വരെയുള്ള സമയത്ത് മരങ്ങൾ പരിശോധിക്കാം. ഫോൺ: 0487 2550007.

ചിത്രപ്രദർശനം ഇന്നും നാളെയും

തൃശൂർ: ശ്രീ കേരളവർമ്മ കോളേജ് റിട്ട പ്രിൻസിപ്പൽ ഡോ. എ കൃഷ്ണകുമാരി വരച്ച ചിത്രങ്ങളുടെ പ്രദർശനം ലൈഫ് ഇൻ ഡോട്ട്സ് ആന്റ് ലൈൻസ് ഗുരുവായൂർ കിഴക്കേനടയിലെ ലൈബ്രറി ഹാളിൽ ഇന്നും നാളേയും നടക്കുന്നു. ഇന്ന് രാവിലെ 10.30ന് ഗുരുവായൂർ ദേവസ്വം ചെയർമാൻ വി.കെ വിജയൻ ചിത്രപ്രദർശനം ഉദ്ഘാടനം ചെയ്തു. വാർലി, മധുബനി എന്നീ സങ്കേതങ്ങളെ ആധാരമാക്കിയാണ് പ്രദർശനത്തിനുള്ള പെൻ സ് കെച്ചുകൾ വരച്ചിരിക്കുന്നത്.

മലപ്പുറത്ത് നിപ ഭീതിയിൽ ജനങ്ങൾ; 7 പേർക്ക് നിപ ലക്ഷണങ്ങൾ

തൃശൂർ: സംസ്ഥാനത്ത് കൂടുതൽ പേർക്ക് നിപ രോഗ ലക്ഷണമുള്ളതായി ആരോഗ്യമന്ത്രി വീണ ജോർജ്.മലപ്പുറം ജില്ലയിൽ 7 പേർക്ക് നിപ രോഗ ലക്ഷണമുള്ളതായാണ് മന്ത്രി അറിയിച്ചത്.

നിപ സമ്പർക്ക പട്ടികയിൽ 267 പേരുണ്ടെന്നും ഇന്ന് ലഭിച്ച 37 പേരുടെ പരിശോധനാ ഫലങ്ങൾ നെഗറ്റീവെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

ഐഐഎഫ്എ ഉത്സവം ടെക്നിക്കൽ അവാർഡ് ജേതാക്കളെ പ്രഖ്യാപിച്ചു

തൃശൂർ: ബഹുമുഖ ദക്ഷിണേന്ത്യൻ സിനിമാ ആഘോഷമായ ഐഐഎഫ്എ ഉത്സവം 2024 ലെ ടെക്നിക്കൽ അവാർഡ് ജേതാക്കളെ പ്രഖ്യാപിച്ചു. അബുദാബി സഹിഷ്ണുതാ സഹവർത്തിത്വ മന്ത്രിയായ ഷെയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാൻറെ ആദരണീയമായ മേൽനോട്ടത്തിൽ, അബുദാബി സാംസ്കാരിക, ടൂറിസം വകുപ്പുമായും മിറാലുമായും സഹകരിച്ച് ദക്ഷിണേന്ത്യൻ സിനിമയുടെ അപാരമായ കഴിവുകളും വൈവിധ്യവും പ്രദർശിപ്പിക്കാൻ ഒരുങ്ങുന്ന ഐഐഎഫ്എ ഉത്സവം 2024 സെപ്റ്റംബർ 27-ന് യാസ് ദ്വീപിൽ നടക്കും.

ആർ എസ് എസ് –മുഖ്യമന്ത്രി കൂട്ട് കെട്ട് കോൺഗ്രസ് പ്രതിഷേധം സെപ്റ്റംബർ 28 ന്

തൃശ്ശൂർ: ക്രമ സമാധാന ചുമതലയുള്ള എ ഡി ജി പി മുഖ്യമന്ത്രിയുടെ ദൂതനായി തൃശ്ശൂരിൽ ആർ എസ് എസ് നേതൃത്വമായി രഹസ്യചർച്ച നടത്തി പൂരം അട്ടിമറിച്ച് മതേതര സമൂഹത്തിൽ വർഗീയ വിഷം കുത്തിവെച്ച് നടത്തിയ രാഷ്ട്രീയ മുതലെടുപ്പിൽ പ്രതിഷേധിച്ച് ജില്ലാ കോൺഗ്രസ്കമ്മിറ്റിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 28 ന് തൃശ്ശൂർ തെക്കേ ഗോപുര നടയിൽ പ്രതിഷേധം സംഘടിപ്പിക്കുവാൻ ഇന്ന് ചേർന്ന ജില്ലാ കോൺഗ്രസ് നേതൃത്വ യോഗം തീരുമാനിച്ചു. ആർ എസ് എസ്- മുഖ്യമന്ത്രി ബാന്ധവം തുറന്ന് കാണിക്കേണ്ടത് മതേതര സമൂഹത്തിന് അത്യന്താ പേക്ഷിതമാണെന്ന് യോഗം ഉത്ഘാടനം ചെയ്ത രാഷ്ട്രീയ കാര്യ സമിതി അംഗം എ പി അനിൽകുമാർ എം എൽ എ പറഞ്ഞു. ഡി സി സി പ്രസിഡന്റ് വി കെ ശ്രീകണ്ഠൻ എം പി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ നേതാക്കളായ ടി എൻ പ്രതാപൻ, എ എ ഷുക്കൂർ, എം പി വിൻസെന്റ്, പി എ മാധവൻ, ജോസ് വള്ളൂർ, അനിൽ അക്കര, കെ കെ കൊച്ചു മുഹമ്മദ്, സുനിൽ അന്തിക്കാട്, അഡ്വ ജോസഫ് ടാജറ്റ്, രാജേന്ദ്രൻ അരങ്ങത്ത്, എ പ്രസാദ്, സി സി ശ്രീകുമാർ, ഐ പി പോൾ, സി ഒ ജേക്കബ്, ഡോ നിജി ജസ്റ്റിൻ, എൻ കെ സുധീർ എന്നിവർ പ്രസംഗിച്ചു.

കുറി കഴിഞ്ഞിട്ടും നിക്ഷേപം തിരികെ നൽകിയില്ല, നിക്ഷേപസംഖ്യ 60000 രൂപയും നഷ്ടം 30000 രൂപയും പലിശയും നൽകുവാൻ വിധി

തൃശൂർ: കുറി കഴിഞ്ഞിട്ടും നിക്ഷേപസംഖ്യ തിരികെ നൽകാതിരുന്നതിനെ ചോദ്യം ചെയ്തു് ഫയലാക്കിയ ഹർജിയിൽ പരാതിക്കാരിക്ക് അനുകൂല വിധി. തൃശൂർ അയ്യന്തോൾ സ്വദേശിനി കുണ്ടോളി വീട്ടിൽ നിധീന കെ.എസ് ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ പൂത്തോളിലുള്ള സബ്ച് സ്ക്രൈബേർസ് ചിട്ട്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെ ഇപ്രകാരം വിധിയായത്. നിധീന 150000 രൂപ സലയുള്ള കുറി വിളിച്ച് 60000 രൂപ നിക്ഷേപിച്ചിരുന്നു. നിക്ഷേപത്തിന്റെ പലിശ കൊണ്ട് കുറി വെച്ചുപോകുമെന്നാണ് എതിർകക്ഷി സ്ഥാപനം അറിയിച്ചിരുന്നത്. കുറിയുടെ കാലാവധി കഴിഞ്ഞിട്ടും നിക്ഷേപ സംഖ്യ തിരികെ നൽകുകയുണ്ടായിട്ടില്ലാത്തതാകുന്നു. തുടർന്ന് ഹർജി ഫയൽ ചെയ്യുകയാണുണ്ടായത്.

എതിർകക്ഷിസ്ഥാപനത്തിന്റെ പ്രവൃത്തി സേവനത്തിലെ വീഴ്ചയാണെന്നും അനുചിത ഇടപാടാണെന്നും വിലയിരുത്തിയ പ്രസിഡണ്ട് സി.ടി.സാബു മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി പരാതിക്കാരിക്ക് നിക്ഷേപ സംഖ്യ 60000/രൂപ തിരികെ നൽകുവാനും മാനസികവ്യഥക്കും ബുദ്ധിമുട്ടുകൾക്കും പരിഹാരമായി 25000/രൂപ നഷ്ടം നൽകുവാനും ചിലവിലേക്ക് 5000/ രൂപ നൽകുവാനും ഹർജിതിയ്യതി മുതൽ 9 % പലിശ നൽകുവാനും കൽപ്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു.

ഹർജിക്കാരിക്ക് വേണ്ടി അഡ്വ. ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട കുടുംബകോടതി മുമ്പാകെ

OP: 339/2024

ചാലക്കുടി താലൂക്ക്, കല്ലൂർ തെക്കുംമുറി വില്ലേജ്, അന്നമനട ദേശത്ത്, ഊളക്കൽ സെയ്തു മകൻ മുഹമ്മദ്

-ഹരജിക്കാരൻ

കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് ദേശത്ത്, വലിയ വീട്ടിൽ സെയ്തുമുഹമ്മദ് മകൾ ജിഷ (ഇപ്പോഴത്തെ അഡ്രസ്, വി എസ് ജിഷ, C/o. വി എസ് ഷാജഹാൻ, വലിയവീട്ടിൽ, എറിയാട് വില്ലേജ്, എറിയാട് ദേശം, കൊടുങ്ങല്ലൂർ താലൂക്ക്)

-എതൃകക്ഷി

മേൽ നമ്പറിലെ എതിർകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ മേൽ നമ്പർ ഹരജി **26-09-2024** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. മേൽ നമ്പർ ഹരജിയിൽ എതൃകക്ഷിക്ക് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് നേരിട്ടോ പ്ലീഡർ മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 10-09-2024

ഉത്തരവിൻ പ്രകാരം

ഹരജിഭാഗം അഡ്വക്കേറ്റ്

അബിത എ എം (ഒപ്പ്)

മൃതദേഹം കണ്ടെത്തി

തൃശൂർ: റെയിൽവെ സ്റ്റേഷൻ രണ്ടാം കവാടത്തിന് സമീപം അജ്ഞാത മൃതദേഹം കണ്ടെത്തി.

50 വയസ് പ്രായം തോന്നിക്കുന്ന പുരുഷ മൃതദേഹമാണ് കണ്ടെത്തിയത്. പോലീസ് സ്ഥലത്തെത്തിയിട്ടുണ്ട്.

നിര്യാതനായി

സതീഷ് (കൊച്ചു – 46)



പാലക്കൽ: പുരയാറ്റുപറമ്പിൽ പരേതനായ സുധാകരന്റെയും ശാന്തയുടെയും മകൻ സതീഷ് (കൊച്ചു-46) നിര്യാതനായി. ഭാര്യ-ശ്രുതി. മക്കൾ - അഭിരാം, ആരവ്. സംസ്കാരം ഇന്ന് കാലത്ത് 11 മണിക്ക് വടുക്കര ശ്മശാനത്തിൽ നടത്തപ്പെട്ടു.

അവശനിലയിൽ കിടന്നയാളുടെ മരണം: നരഹത്യക്ക് കേസ്; രണ്ടു പേർ അറസ്റ്റിൽ

ആളൂർ:പാറേക്കാട്ടുകരയിൽ അവശനിലയിൽ കിടന്ന് യുവാവ് മരണപ്പെട്ട സംഭവത്തിൽ പാറേക്കാട്ടുകര സ്വദേശികളായ കല്ലിവളപ്പിൽ ജിന്റോ (28 വയസ്സ്) കുവ്വക്കാട്ടിൽ സിദ്ധാർത്ഥൻ (63 വയസ്സ്) എന്നിവരെയാണ് തൃശൂർ റൂറൽ എസ്.പി. നവനീത് ശർമ്മയുടെ നിർദ്ദേശപ്രകാരം ഇരിങ്ങാലക്കുട ഡി.വൈ.എസ്.പി. കെ. ജി. സുരേഷിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ടർ കെ.എം. ബിനീഷ് അറസ്റ്റു ചെയ്തത്.

തിരുവോണ നാളിലാണ് കേസ്സിനാസ്പദമായ സംഭവം. വൈകിട്ട് ആറരയോടെ കള്ളുഷാപ്പിന് എതിർവശത്ത് അവശനിലയിൽ കിടക്കുകയായിരുന്ന പഞ്ഞപ്പിള്ളി സ്വദേശി മാളിയേക്കൽ ജോബിയെ (45 വയസ്സ്) ബന്ധുക്കളെത്തി ആശുപത്രിയിൽ കൊണ്ടുപോയിരുന്നു. പിറ്റേന്ന് പുലർച്ചെ മരിച്ചു. മരണപ്പെട്ട ജോബിയും പാറക്കാട്ടുകര സ്വദേശി സിദ്ധാർത്ഥനും തമ്മിൽ ഷാപ്പിൽ വച്ച് ഉച്ചയോടെ വഴക്കുണ്ടായി. തമ്മിൽ തല്ലുകയും പിടിവലി കൂടുകയും ചെയ്തിരുന്നു. ഇരുവരും പരസ്പരം മർപ്പിടത്തം നടത്തി നിലത്ത് വീണു കിടക്കുമ്പോഴാണ് അതുവഴി സ്കൂട്ടറിൽ പോവുകയായിരുന്ന ജിന്റോ സംഭവം കാണുന്നത്. സ്കൂട്ടറിൽ നിന്ന് ഇറങ്ങി വന്ന ജിന്റോ ഇരുവരെയും പിടിച്ചു മാറ്റി. വീണ്ടും സ്കൂട്ടറിൽ കയറിപ്പോകാൻ ശ്രമിക